# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 434

10.03.2015 ൽ മറുപടിയ്ക്ക്

## ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും<br>വകുപ്പ് മന്ത്രി) |
| (എ) ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പളം അവസാനമായി പരിഷ്കരിച്ചത് എന്നായിരുന്നു എന്ന് അറിയിക്കുമോ; ഇതുപ്രകാരം എന്നാണ് ശമ്പളപരിഷ്കരണ കാലാവധി അവസാനിച്ചത്; ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണ കാലാവധി കഴിഞ്ഞിട്ടും പരിഷ്കരിക്കാത്തത്എന്തുകൊണ്ടാണ്എന്ന് അറിയിക്കുമോ; ഇവരുടെ ശമ്പള പരിഷ്കരണം അടിയന്തരമായി നടപ്പിലാക്കുമോ; | (എ) ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പളം അവസാനമായി പരിഷ്കരിച്ചത് 08.12.2009 ലെ സ.ഉ (കൈ) നം. 210/2009/സഹ നമ്പർ ഉത്തരവ് പ്രകാരം 01.04.2007 മുതൽ പ്രാബല്യത്തിലാണ്. ഇത് പ്രകാരം 5 വർഷം പൂർത്തിയാകുന്ന 31.03.2012 ൽ ശമ്പള പരിഷ്കരണ കാലാവധി അവസാനിച്ചിട്ടുണ്ട്.<br>സർക്കാരിന്റെ 15.11.2012 ലെ സ.ഉ(സാധാ) നം. 643/2012/സഹ നമ്പർ ഉത്തരവ് പ്രകാരം ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനുള്ള കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ജില്ലാ ബാങ്ക് ജീവനക്കാരുടെ ക്ഷാമബത്തയുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതി മുമ്പാകെ നിലനിന്നിരുന്ന റിട്ട് പെറ്റീഷനുകളിന്മേൽ പുറപ്പെടുവിക്കേണ്ടിയിരുന്ന വിധിന്യായവും കൂടി ശമ്പള പരിഷ്കരണ തീരുമാനം കൈക്കൊള്ളുന്നതിന് പരിഗണിക്കേണ്ടിയിരുന്നതിനാലും ജില്ലാ ബാങ്കുകളുടെ നിലവിലുള്ള സാമ്പത്തിക സ്ഥിതി പഠന വിധേയമാക്കേണ്ടതായി വന്നതിനാലുമാണ് ശമ്പള പരിഷ്കരണം വൈകുന്നതിനിടയായത്. ശമ്പളം അടിയന്തിരമായി പരിഷ്കരിക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

| | |
|---|---|
| (ബി) ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണം എന്ന് നടപ്പിലാക്കുമെന്ന് അറിയിക്കുമോ? | (ബി) ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചാലുടൻ പരിശോധിച്ച് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ